# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 136        02.03.2020-ൽ മറുപടിക്ക്

## യുവാക്കൾക്കെതിരെ യു.എ.പി.എ. ചുമത്തിയ നടപടി

| | ചോദ്യം<br><br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | മാവോവാദി ബന്ധം ആരോപിച്ച് യു.എ.പി.എ. ചുമത്തി ജയിലിലടച്ച അലൻ, താഹ എന്നീ യുവാക്കൾക്ക് മാവോവാദികളുമായി ബന്ധമുള്ള കാര്യം സംശയാതീതമായി തെളിഞ്ഞിട്ടുണ്ടോ; | (എ) യും (ബി) യും | ഈ കേസിന്റെ പ്രാഥമികാന്വേഷണത്തിൽ പ്രതികൾ ഇന്ത്യൻ ഭരണകൂടം, നിയമം മൂലം നിരോധിച്ച സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് സംഘടനയിൽ പ്രവർത്തകരായി ജനങ്ങൾക്കിടയിൽ ജനാധിപത്യത്തിനും, ഭരണ സംവിധാനത്തിനുമെതിരെ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന്, ലഘുലേഖകളും പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്ത് ആഹ്വാനം നൽകി വരികയാണെന്ന സംശയകരമായ സാഹചര്യത്തിലാണ് പോലീസ് കേസ് എടുത്തിട്ടുള്ളത്. ഈ കേസിന്റെ അന്വേഷണം എൻ.ഐ.എ. ഏറ്റെടുത്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | എങ്കിൽ ഇവർക്കെതിരെ ലഭിച്ചിട്ടുള്ള തെളിവുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | എൻ.ഐ.എ. ഏറ്റെടുത്ത പ്രസ്തുത കേസ് തിരികെ സംസ്ഥാനത്തെ ഏല്പിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ പ്രസ്തുത കാര്യത്തിലുള്ള കേന്ദ്ര നിലപാട് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | നിലപാട് അറിയിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**